**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 90** **29-01-2024 - ൽ മറുപടിയ്ക്ക്**

**മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയുടെ വിശദാംശങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഡി കെ മുരളി | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | സംസ്ഥാനത്ത് ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി (സി.എം.ഡി.ആർ.എഫ്.)യിൽ നിന്ന് നാളിതുവരെ എത്ര തുക ധനസഹായമായി നൽകി എന്നും ഇതുവഴി എത്ര പേർക്ക് ഇതിന്റെ പ്രയോജനം ലഭിച്ചിട്ടുണ്ടെന്നും വിശദമാക്കാമോ; | (എ) | സംസ്ഥാനത്ത് ഈ സർക്കാർ വന്നതിന് ശേഷം നാളിതുവരെ (21/05/2021 മുതൽ 31/12/2023 വരെ) ആകെ 1976.85 കോടി രൂപ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും അനുവദിച്ചിട്ടുണ്ട്. 2,51,609 പേർക്ക് നാളിതുവരെ ധനസഹായം വിതരണം ചെയ്തിട്ടുള്ളതാണ്. |
| (ബി) | ഏതെല്ലാം അവശതയുള്ളവർക്കാണ് ദുരിതാശ്വാസനിധിയിൽ നിന്നുള്ള ധനസഹായം ലഭിക്കുന്നത്; വിശദമാക്കാമോ; | (ബി) | സാധാരണ ജീവിതശൈലീ രോഗങ്ങൾ ഒഴികെയുള്ള അസുഖങ്ങൾക്കുള്ള ചികിത്സാ സഹായവും അപകടമരണം സംഭവിച്ചവരുടെ ആശ്രിതർക്കുള്ള ധനസഹായവും, തീപിടുത്തം / കടൽക്ഷോഭം എന്നിവ മൂലമുണ്ടായ നാശനഷ്ടത്തിനുള്ള ധനസഹായവും പ്രളയം മൂലം വാസഗൃഹങ്ങൾക്കുണ്ടായ നാശനഷ്ടങ്ങൾ എന്നിവയ്ക്കും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ധനസഹായം നൽകിവരുന്നു. |
| (സി) | മുൻ സർക്കാരിന്റെ കാലയളവിൽ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്ന് വാമനപുരം മണ്ഡലത്തിൽ അനുവദിച്ചിട്ടുള്ള ധനസഹായ തുകയുടെയും എത്ര പേർക്ക് അവിടെ അതിന്റെ പ്രയോജനം ലഭിച്ചിട്ടുണ്ടെന്നുള്ളതിന്റെയും വിവരങ്ങൾ വിശദമാക്കാമോ? | (സി) | മണ്ഡല അടിസ്ഥാനത്തിലുള്ള കണക്കുകൾ ലഭ്യമല്ല. |

സെക്ഷൻ ഓഫീസർ